

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD. P24/1286/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 26/09/2025
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഇമെയിൽ മുഖേന)

2)ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,പാലക്കാട്

3)കാര്യാലയ പകർപ്പ്

നമ്പർ: KSA.PKD. P24/1286/25

തീയ്യതി: 26/09/2025

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-05-2024 മുതൽ 07-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. സാബു പി എസ്	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	08-07-2025	16-07-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
08-07-2025	16-07-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബിജു ആന്റണി യു, ഓഡിറ്റ് ഓഫീസർ
ഷഹീർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
സൗരഭ് സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
നൗഫർ എൻ എച്ച്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. സുനിത ജോസഫ്	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ. ശിവശങ്കരൻ എ	സെക്രട്ടറി	01-04-2024	10-09-2024
ശ്രീ. അനിൽകുമാർ ആർ എസ്	സെക്രട്ടറി	11-09-2024	08-01-2025
ശ്രീ. പ്രവീൺ എസ്	സെക്രട്ടറി	09-01-2025	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. സുമേഷ് വി ആർ	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീമതി. അമ്പിളി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീ. നവീൻ ചന്ദ്ര	പട്ടിക ജാതി വികസന ഓഫീസർ	01-04-2024	31-03-2025

ശ്രീമതി. ശ്രീജ കെ വി	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	01-04-2024	31-03-2025
ശ്രീമതി. അസ്മാബി പി	ശിശു വികസന പദ്ധതി ഓഫീസർ	01-04-2024	21-07-2024
ശ്രീമതി. പ്രീത സി	ശിശു വികസന പദ്ധതി ഓഫീസർ	22-07-2024	31-03-2025
ശ്രീമതി. ശ്യാമ എം എ	ക്ഷീര വികസന ഓഫീസർ	01-04-2024	31-03-2025
ഡോ. സന്ധ്യ	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)	01-04-2024	30-04-2024
ഡോ. അബ്ബാസ് എൻ	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)	01-05-2024	14-10-2024
ഡോ. സന്ധ്യ	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)	15-10-2024	30-11-2024
ഡോ. അബ്ബാസ് എൻ	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)	01-12-2024	31-03-2025
ശ്രീ. ചന്ദ്രശേഖരൻ വി	വ്യവസായ വികസന ഓഫീസർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-1-2
4	വികസന ഫണ്ട് (എസ്.സി.പി) - വാർഷിക ധനകാര്യ പത്രികയും സാംഖ്യ ചെലവ് പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-3
5	സി.എഫ്.സി. - വാർഷിക ധനകാര്യ പത്രികയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-4
6	Prior Period Income/Expenditure വിവരം നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല	1-1-5
7	ഡിപ്രീസിയേഷൻ - രേഖകൾ ഹാജരാക്കിയിട്ടില്ല	1-1-6
8	ആസ്തി വിവരങ്ങൾ കാലികമല്ല – ആസ്തി മൂല്യങ്ങളുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല	1-1-7
9	മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) - വാർഷിക ധനകാര്യ പത്രികയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-8
10	ഇ-ടെണ്ടർ ഫീ-പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല	1-1-9
11	ബജറ്റ്	1-2
12	സാമ്പത്തിക വിശകലനം (രസീറ്റ് & പെമെന്റ് പ്രകാരം)	1-3
13	ഫണ്ട് വിനിയോഗം	1-4
14	പദ്ധതി അവലോകനം	1-5
15	ക്യാഷ് പരിശോധന	1-6
16	ആഭ്യന്തര നിയന്ത്രണം	1-7
17	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-8
18	ദൈനംദിന ചെലവുകൾ ISO വിഹിതം - മെഡിക്കൽ ഓഫീസർ സി.എച്ച്.സി കടമ്പഴിപ്പുറം പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ	1-9
19	ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും	1-10

20	മുൻകുർ തുകകൾ ക്രമീകരിച്ചിട്ടില്ല	1-11
21	ഗുണഭോക്തൃ വിഹിതം അതാത് സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല	1-12
22	ഐ.കെ.എം വിഹിതം നൽകൽ - വിനിയോഗ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല	1-13
23	ഭരണ സമിതി യോഗ മിനുട്സ് തയ്യാറാക്കൽ - ചട്ട പ്രകാരമുള്ള സമയ പരിധി പാലിക്കേണ്ടതാണ്	1-14
24	വായനശാലകൾക്ക് ഫർണ്ണീച്ചർ വാങ്ങി നൽകൽ - ആവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല	1-15
25	തുടർ സാക്ഷരതാ പഠിതാക്കളുടെ പത്താംതരം ഹയർ സെക്കണ്ടറി തുല്യതാ പരീക്ഷ ഫീസ് അടക്കൽ - പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെ വിവരങ്ങൾ ലഭ്യമല്ല	1-16
26	സാക്ഷരതാ പ്രേരക് ഹോണറേറിയം - സാക്ഷരതാ മിഷൻ വിഹിതം തിരികെ ഈടാക്കേണ്ടതാണ്	1-17
27	ബ്ലോക്ക് മീറ്റിംഗ് ഹാളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല	1-18
28	എ.ബി.സി. പദ്ധതി - അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്	1-19
29	ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് വാഹനം വാങ്ങൽ - പുതിയ വാഹനം ലഭ്യമാക്കേണ്ടതും പഴയ വാഹനം കണ്ടം ചെയ്യേണ്ടതുമാണ്	1-20
30	ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റബ്ബർ മരങ്ങൾ മുറിച്ചു മാറ്റൽ - ഭരണ സമിതി തീരുനമാനം നടപ്പിലാക്കേണ്ടതാണ്	1-21
31	പി എം എ വൈ ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തുടർനടപടി സ്വീകരിക്കേണ്ടതാണ്	1-22
32	വനിത സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾ പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ	1-23
33	കാരാകുറിശ്ശി പ്രീ മെട്രിക്ക് ഹോസ്റ്റലിൽ യോഗ പരിശീലക നിയമനം	1-24
34	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല	1-25
35	ജില്ല-യൂണിവേഴ്സിറ്റി മത്സര വിജയികൾക്ക് അധിക ധനസഹായം നൽകി , അധിക തുക91000 രൂപ തടസ്സത്തിൽ വക്കുന്നു	1-26

36	ഇ-ടെൻണ്ടർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല	1-27
37	പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല	1-28
38	മരാമത്ത് പ്രവൃത്തികളിൽ ടാർ ബാരലുകളുടെ വില ഈടാക്കിയിട്ടില്ല . ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തുക അടവാക്കിയിട്ടുണ്ട്	1-29
39	പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല	1-30
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ് - ഇൻഷൂറൻസ് പ്രീമിയം തുക അടവാക്കൽ വിശദാംശങ്ങൾ	4-1
2	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ / വായ്പാതിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക കണക്ക് - സംക്ഷിപ്തം	

ഭാഗം -1

പൊതു അവലോകനം

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (ഇ) & (എഫ്))

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2025 മാർച്ച് 31ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 31.05.2025 തീയതിയിലെ 3(1)-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 02.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന

ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്

തീയതി : 26.09.2025

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

1-1-2 ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4662625 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5911276 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-3 വികസന ഫണ്ട് (എസ്.സി.പി) - വാർഷിക ധനകാര്യ പത്രികയും സാംഖ്യ ചെലവ് പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വികസന ഫണ്ട് (എസ്.സി.പി) - ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് (I-6) 18026992 രൂപയും, സാംഖ്യ ചെലവ് പത്രിക പ്രകാരമുള്ള വികസന ഫണ്ട്

(എസ്.സി.പി) ആകെ ചെലവ് 17887932 രൂപയുമാണ്. വ്യത്യാസം 139060 രൂപ.

1-1-4 സി.എഫ്.സി. - വാർഷിക ധനകാര്യ പത്രികയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല

സി.എഫ്.സി. - വാർഷിക ധനകാര്യ പത്രികയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഫണ്ടിനം	വരവ് (ACR)	വരവ് (AFS)	വരവിലുള്ള വ്യത്യാസം	ചെലവ് (ACR)	ചെലവ് (AFS)	ചെലവിലുള്ള വ്യത്യാസം
സി.എഫ്.സി-അൺ ടൈഡ് ഗ്രാന്റ്	4191419	4617930	426511	3859323	4218366	359043
സി.എഫ്.സി-ടൈഡ് ഗ്രാന്റ്	9405494	9254500	150994	6153630	6003630	150000

വ്യത്യാസത്തിന്റെ കാരണം വ്യക്തമല്ല

1-1-5 Prior Period Income/Expenditure വിവരം നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18)	31.03.2025 ലെ ലെഡ്ജർ ബാക്കി
280200401-Prior Period Income-Other Incomes	-19427
280800301-Prior Period-Operations And Maintenance Expenses	16283

1-1-6 ഡിപ്രീസിയേഷൻ - രേഖകൾ ഹാജരാക്കിയിട്ടില്ല

2024-25 വർഷത്തെ I-17(A) പത്രിക പ്രകാരം 4867530 രൂപ ഡിപ്രീസിയേഷനായി കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

1-1-7 ആസ്തി വിവരങ്ങൾ കാലികമല്ല – ആസ്തി മൂല്യങ്ങളുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets & Accumulated Depreciation, B-11(A)- Capital Work In Progress എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

1-1-8 മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) - വാർഷിക ധനകാര്യ പത്രികയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല

മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) - ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് (I-6) 4682616 രൂപയും, എ.സി.ആർ. പ്രകാരമുള്ള മെയിന്റനൻസ് ഫണ്ട് നോൺ റോഡിന്റെ ആകെ ചെലവ് 4717016 രൂപയുമാണ്. വ്യത്യാസം 34400 രൂപ.

1-1-9 ഇ-ടെണ്ടർ ഫീ-പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീയിനത്തിലെ സാമ്പത്തിക വർഷത്തെ വരവ് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

1-2 ബജറ്റ്

09.02.2024ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം 1(1) പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 17.03.2025ന് ചേർന്ന യോഗത്തിലെ തീരുമാനം 1(1) പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

ഭേദഗതി വരുത്തിയ ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	₹475000
തൻവർഷം വരവ്	₹550529583
ആകെ വരവ്	₹551004583
ചെലവ്	₹550453983
നീക്കിയിരിപ്പ്	₹550600

1-3 സാമ്പത്തിക വിശകലനം (രസീറ്റ് & പെമെന്റ് പ്രകാരം)

മുന്നിരിപ്പ്	₹11359722
വരവ്	₹87446682
ആകെ	₹98806404
ചെലവ്	₹82784057
നീക്കിയിരിപ്പ്	₹16022347

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	ലാപ്സ് ആയ തുക
വികസന ഫണ്ട് -ജനറൽ	0	24837017	24837017	23632357 + 1203871 (Capital Contribution) = 24836228	789
വികസന ഫണ്ട് - എസ്.സി.പി	0	18027000	18027000	18026992	8
വികസന ഫണ്ട് - ടി.എസ്.പി	0	206983	206983	206983	0
മെയ്ന്റനൻസ് ഗ്രാന്റ് - നോൺ റോഡ്	0	5813000	5813000	4682616	1130384
ആകെ	0	48884000	48884000	47752819	1131181

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
സി.എഫ്.സി-അൺ ടൈഡ് ഗ്രാന്റ്	1449898	4617930	6067828	4218366	1849462
സി.എഫ്.സി-ടൈഡ് ഗ്രാന്റ്	5602473	9254500	14856973	5009186 + 994444 (Capital	8853343

				Contribution) = 6003630	
സി.എഫ്.സി-പെർഫോർമൻസ് ഗ്രാന്റ്	0	150000	150000	150000	0

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
TSC	54735	1737	56472	14700	41772
IAY (General)	16692	3466	20158	0	20158
IAY (SCP)	500000	248000	748000	700000	48000
Centrally Sponsored Schemes-Grants, Funds & Contributions For Specific Purposes – Central Government	50000	0	50000	0	50000
Health Grant	252419	2911230	3163649	178000	2985649
Grants, Funds & Contributions For Specific Purposes - Other Government Agencies	100255	0	100255	100000	255
Contributions For Joint Venture Projects (For Capital Expenditure)	200000	0	200000	0	200000

- From Village Panchayats					
Contributions For Joint Venture Projects (For Revenue Expenditure) - From Village Panchayats	315153	0	315153	0	315153
Contributions For Joint Venture Projects (For Centrally Sponsored Scheme) - From Village Panchayats	1725090	0	1725090	0	1725090
Best Panchayat Award From Central Government	2647294	93863	2741157	1149969	1591188
Integrated Wasteland Development Programe (IWDP - Hariyali)	0	1350940	1350940	1350940	0
Grant For Festivals	0	65000	65000	65000	0
Other Awards	76508	0	76508	0	76508

From State Government					

ദീർഘകാലമായി ഉപയോഗിക്കാത്ത ഫണ്ടുകൾ അതത് ശീർഷകത്തിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

1-5 പദ്ധതി അവലോകനം

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
122	409278727	100	63889327	0	22	81.97

ബി) വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
സി.ഡി.പി.ഒ.	2	2	970000	970000	100
ബ്ലോക്ക് സെക്രട്ടറി	20	13	337051048	17828450	5.3
മെഡിക്കൽ ഓഫീസർ-CHC	9	9	3509391	3384210	96.43
എസ്.സി.ഡി.ഒ.	15	15	9688266	8439900	87.11
കൃഷി അസി. ഡയറക്ടർ	2	2	2471448	2471448	100
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	3	3	1081080	1081080	100
ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	1	1	1000000	750000	75

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ	10	9	22752981	9911803	43.56
അസിസ്റ്റന്റ് എഞ്ചിനിയർ	60	46	30754513	19052436	61.95
ആകെ	122	100	409278727	63889327	15.61

അതത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

1-6 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.07.2025 തീയതിയിൽ 3.00 പി.എം ന് അക്കൗണ്ടന്റിന്റെയും സ്ഥാപന മേധാവിയുടെയും സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. വരവായി തുകയൊന്നും ഉണ്ടായിരുന്നില്ല.

1-7 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

എല്ലാ പദ്ധതികളും മോണിറ്ററിംഗ് സമിതികൾ നിരീക്ഷിക്കുകയും സമയബന്ധിതമായ പൂർത്തീകരണം ഉറപ്പ് വരുത്തി മോണിറ്ററിംഗ് റിപ്പോർട്ടുകൾ അതാത് പദ്ധതി ഫയലുകളിൽ സൂക്ഷിക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2024-25 സാമ്പത്തിക വർഷം ആകെ അടങ്കലിന്റെ

15.61 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മെയിന്റനൻസ് (നോൺ റോഡ്) ഗ്രാന്റിനത്തിൽ ലഭിച്ച 5813000 രൂപയിൽ 1130384 രൂപ ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു. ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത ഈ സാഹചര്യത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഭരണസമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജീവനക്കാരും ശ്രദ്ധിക്കേണ്ടതാണ്.

1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

17.12.2018ൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2012-13 മുതൽ 2016-17 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. 25.07.2022 മുതൽ 11.08.2022 വരെയുള്ള തീയതിയിൽ നടന്ന പെർഫോമൻസ് ഓഡിറ്റിൽ 2021-22 സാമ്പത്തിക വർഷത്തെ കണക്കുകൾ പരിശോധിച്ചിട്ടുണ്ട്.

1-9 ദൈനംദിന ചെലവുകൾ ISO വിഹിതം - മെഡിക്കൽ ഓഫീസർ സി.എച്ച്.സി കടമ്പഴിപ്പുറം പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ

പ്രോജക്ടിന്റെ പേര്	06/2025 ദൈനംദിന ചെലവുകൾ ISO വിഹിതം - മെഡിക്കൽ ഓഫീസർ സി.എച്ച്.സി കടമ്പഴിപ്പുറം
നിർവഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ
ഭരണാനുമതിയുടെ നമ്പരും തീയതിയും	3(1)/26.11.2024
അടങ്കൽ	₹5,95,229/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം)
ചെലവ്	₹5,95,229/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം)

മേൽ പദ്ധതിയുടെ ചെലവുകളിൽ നിയതമായ നടപടിക്രമങ്ങളിലൂടെ രജിസ്റ്ററുകളും ഒ.പി ടിക്കറ്റുകളും ഉൾപ്പെടെയുള്ള പ്രിന്റിംഗ് & സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയതിന്റെയും കമ്പ്യൂട്ടറുകൾ സർവ്വീസ് ചെയ്തതിന്റെയും അനുബന്ധ

ഉപകരണങ്ങൾ വാങ്ങിയതിന്റെയും ബില്ലുകൾ ഉൾപ്പെട്ടിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്, ഇൻവോയ്സ് നമ്പർ/തീയതി, തുക	വാങ്ങിയ സാധനം/ സേവനം	ട്രഷറി ബിൽ ബുക്ക് നമ്പർ/ തീയതി, തുക
1	Golden Computers, 271/02.07.2024, ₹2500/-	256 GB SSD Hard Disk, Computer Service & Installation	27/08.11.2024, ₹72469/-
2	Golden Computers, 299/25.07.2024, ₹4500/-	Computer Upgradation (Motherboard, Processor, CPU Fan Etc.)	
3	Golden Computers, 347/29.08.2024, ₹2800/-	Motherboard & Computer Service Charge	
4	Golden Computers, 390/23.10.2024, ₹2500/-	256 GB SSD Hard Disk, Computer Service & Installation	51/26.03.2025, ₹196534/-
5	Golden Computers, 420/21.11.2024, ₹1300/-	Acer Laptop Keyboard	

മേൽ ബില്ലുകൾ പരിശോധിച്ചതിൽ കമ്പ്യൂട്ടറുകൾ സർവ്വീസ് ചെയ്തതിന്റെയും അനുബന്ധ ഉപകരണങ്ങൾ വാങ്ങിയതിന്റെയും വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഐ.ടി ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ 5 കമ്പ്യൂട്ടറുകളും ഒരു ലാപ്ടോപ്പുമാണ് സ്റ്റോക്കിൽ ഉള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്. അവയിൽ ഏതൊക്കെ കമ്പ്യൂട്ടറുകൾ ഏതൊക്കെ തീയതികളിൽ സർവ്വീസ് ചെയ്തിട്ടുണ്ട്,

ഏതൊക്കെ കമ്പ്യൂട്ടറുകൾക്ക് വേണ്ടിയാണ് അനുബന്ധ ഉപകരണങ്ങൾ വാങ്ങിയത് എന്ന വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 11/14.07.2025).

ഭാവിയിൽ എല്ലാ ബില്ലുകളിലും സാധനങ്ങൾ/സേവനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും ഐ.ടി ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയതിന്റെയും സർവ്വീസ് ചെയ്തതിന്റെയും വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

1-10 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2021-22 മുതൽ ആരോഗ്യമേഖലാ ഗ്രാന്റ് (ഹെൽത്ത് ഗ്രാന്റ്) അനുവദിച്ചുവരുന്നുണ്ട്. ആയതിലേക്കായി കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 15(2)FC-XV/FCD/20-25/16.07.2021 മാർഗ്ഗരേഖയും പുറത്തിറക്കിയിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ആയത് നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ വിവിധ ഉത്തരവുകളിലൂടെ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് [സ.ഉ.(സാധാ)നം.2132/2022/LSGD/31.08.2022, സ.ഉ.(സാധാ)നം.2156/2022/LSGD/01.09.2022, സ.ഉ.(സാധാ)നം.1625/2023/LSGD/09.08.2023, സ.ഉ.(സാധാ)നം.178/2025/LSGD/18.01.2025].

ബ്ലോക്ക് പഞ്ചായത്തിൽ ഹെൽത്ത് ഗ്രാന്റ് ലഭ്യമായതിന്റെയും വിനിയോഗിച്ചതിന്റെയും കണക്കുകൾ ചുവടെ ചേർക്കുന്നു.

വർഷം	മുൻ ബാക്കി	തൻ വർഷം ലഭ്യമായ തുക	പലിശ (ബാങ്ക് ചാർജ്ജ് കുറവ് ചെയ്തത്)	ആകെ	ചെലവ്	ചെലവ് %	നീക്കിയിരിപ്പ്
2021-22	0.00	0.00	0.00	0.00	0.00	0.00	0.00

2022-23	0	25,50,000	44,199	25,94,199	3,23,476	12.47	22,70,723
2023-24	22,70,723	0	49,860	23,20,583	20,68,164	89.12	2,52,419
2024-25	2,52,419	28,95,000	16,230	31,63,649	1,78,000	5.63	29,85,649
ആകെ		**54,45,000**	**1,10,289**	**55,55,289**	**25,69,640**	**46.26**	**29,85,649**

1. ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള കടമ്പഴിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെയാണ് ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമായി തിരഞ്ഞെടുക്കുകയും സ്കീം 2 പ്രകാരമുള്ള മൂന്നു പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I) ബ്ലോക്ക് പൊതുജനാരോഗ്യ യൂണിറ്റിന് അടിസ്ഥാന സൗകര്യം ഒരുക്കൽ

വർഷം	പദ്ധതി നമ്പർ	അടങ്കൽ	ചെലവ്
2022-23	151/23	21,44,154.00	3,23,476.00
2023-24	SO 119/24	18,20,678.00	16,62,363.00
ആകെ അടങ്കൽ = 21,44,154.00 ആകെ ചെലവ് = 19,85,839.00			

Ii) കടമ്പഴിപ്പുറം സി.എച്ച്.സി ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റിന് ഫർണിച്ചറും അനുബന്ധ സൗകര്യങ്ങളും

വർഷം	പദ്ധതി നമ്പർ	അടങ്കൽ	ചെലവ്
2022-23	165/23	4,05,846.00	0.00
2023-24	SO 91/24	4,05,846.00	4,05,846.00
ആകെ അടങ്കൽ = 4,05,846.00 ആകെ ചെലവ് = 4,05,846.00			

Iii) ബ്ലോക്ക് പൊതുജനാരോഗ്യ യൂണിറ്റിന്റെ ആവർത്തന ചെലവുകൾ

വർഷം	പദ്ധതി നമ്പർ	അടങ്കൽ	ചെലവ്
2024-25	165/25	1,78,000.00	1,78,000.00
ആകെ അടങ്കൽ = 1,78,000.00 ആകെ ചെലവ് = 1,78,000.00			

മേൽ പദ്ധതികളുടെ ഭാഗമായി കടമ്പഴിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ബ്ലോക്ക് പബ്ലിക്ക് ഹെൽത്ത് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന പശ്ചാത്തലം ഒരുക്കൽ, പാർട്ടീഷനിംഗും ഫർണിച്ചറും ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് പബ്ലിക്ക് ലബോറട്ടറിക്ക് പരിശോധന ഉപകരണങ്ങളും റീഏജന്റുകളും വാങ്ങൽ എന്നീ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്.

2. കടമ്പഴിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ബ്ലോക്ക് പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്, ബ്ലോക്ക് പബ്ലിക്ക് ഹെൽത്ത് ലാബോറട്ടറി, ബ്ലോക്ക് ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം സെൽ എന്നീ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

3. എപിഡമോളജിസ്റ്റ്/എന്റമോളജിസ്റ്റ്, ഡാറ്റാ മാനേജർ എന്നീ തസ്തികകളിൽ എൻ.എച്ച്.എം മുഖേന പുതുതായി നിയമനം നടത്തിയിട്ടുണ്ടെങ്കിലും എപിഡമോളജിസ്റ്റ്/എന്റമോളജിസ്റ്റ് തസ്തികയിലുള്ള വ്യക്തി മാത്രമാണ് 22.04.2025 മുതൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളത്.

4. വാർഷിക ധനകാര്യ പത്രികയിൽ സ്ഥാപനത്തിന്റെ ഹെൽത്ത് ഗ്രാന്റ് വരവ്-ചെലവ് ശരിയായ രീതിയിൽ പ്രതിഫലിക്കുന്നുണ്ട്. ചെലവഴിക്കാനവശേഷിക്കുന്ന നീക്കിയിരുപ്പ് തുകയായ 29,85,649/- രൂപയിൽ 27,17,000/- രൂപ അടങ്കൽ വെച്ച് 2024-25 വർഷത്തിൽ കടമ്പഴിപ്പുറം ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രത്തിന് കെട്ടിട നിർമ്മാണവും പുനരുദ്ധാരണ പ്രവർത്തികളും (പ്രോജക്ട് നം. 164/25) എന്ന പദ്ധതിയ്ക്ക് അംഗീകാരം വാങ്ങുകയും പ്രസ്തുത വർഷം തുക ചെലവഴിക്കാൻ കഴിയാത്തതിനാൽ 2025-26 വർഷത്തിൽ സ്പിൽ ഓവറായി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ആയതിനാൽ പദ്ധതി പൂർത്തിയാവുന്ന മുറക്ക് ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിൽ സ്ഥാപനം കാര്യമായ പുരോഗതി കൈവരിക്കുന്നതാണ്. പ്രസ്തുത പദ്ധതിയിൽ നടന്നു വരുന്ന പ്രവൃത്തിയുടെ ചിത്രങ്ങൾ ചുവടെ ചേർക്കുന്നു.







ചെലവഴിക്കാൻ അവശേഷിക്കുന്ന ഹെൽത്ത് ഗ്രാന്റ് മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായും സമയബന്ധിതമായും ഫലപ്രദമായും വിനിയോഗിക്കുന്നുണ്ടെന്ന ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ആരോഗ്യം വർക്കിംഗ് ഗ്രൂപ്പും കൃത്യമായി മോണിറ്ററിംഗ് ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

1-11 മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ ബി 18 പ്രകാരം താഴെ പറയുന്ന ശീർഷകങ്ങളിൽ മുൻക്കൂർ നൽകിയത് ക്രമീകരിക്കാതെ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	ഇനം	മുന്നിരിപ്പ്	തൻവർഷത്തെ മുൻക്കൂർ	ക്രമീകരിച്ച മുൻക്കൂർ	ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക
1	Other Advances	0	2904	0	2904
2	Temporary Advance To Official Purposes	2220664	1561368	1335250	2446782
3	Advance To Implementing Agencies – Deposit With KWA	1071141	0	0	1071141

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 99, ജി.ഒ(പി) നം.419/11/ഫിൻ തീയതി 04.10.2011 എന്നിവ പ്രകാരം മുൻക്കൂർ നൽകിയ തുകകൾ 3 മാസത്തിനകം ക്രമീകരിക്കാത്തപക്ഷം, തുക പിൻവലിച്ച തീയതി മുതൽ തുക ഈടാക്കുന്ന തീയതി വരെയുള്ള കാലയളവിലേക്ക് 18% പലിശ ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ക്രമ നം. 3 പ്രകാരം മുൻവർഷങ്ങളിലെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതും മുൻക്കൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിക്കാത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 06/11.07.2025) മുൻക്കൂറുകൾ ക്രമീകരിച്ച് അറിയിക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. മുൻക്കൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2. ഏജൻസികൾ മുഖാന്തിരം ഉള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

3. വിവിധ പദ്ധതികൾക്കായി മുൻക്കൂർ നൽകിയ തുകകൾ ക്രമീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 ഗ്രണഭോക്തൃ വിഹിതം അതാത് സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള 2024-25 ലെ ഗ്രണഭോക്തൃ വിഹിതത്തിന്റെ വരവ് ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	തൻവർഷത്തെ വരവ്	തൻവർഷത്തെ ചെലവ്	നീക്കിയിരിപ്പ്
233984	89115	309800	13299

ഗ്രണഭോക്തൃ വിഹിതത്തിൽ നിന്നും 309800 രൂപ വിവിധ പദ്ധതികളിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 13299 രൂപയുടെ ഗ്രണഭോക്തൃ വിഹിതം ചെലവഴിച്ചതായി കാണുന്നില്ല. ചെലവഴിക്കാതെ അവശേഷിക്കുന്ന ഗ്രണഭോക്തൃ വിഹിതം ഏത് പദ്ധതി പ്രകാരം പിരിച്ചതാണെന്നുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനായും ഗ്രണഭോക്തൃ വിഹിതം അതാത് സാമ്പത്തിക വർഷം ചെലവഴിക്കാത്തതിനുള്ള കാരണം അറിയിക്കുവാനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/11.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1) ഗ്രണഭോക്തൃ വിഹിതം ഈടാക്കി നടത്തുന്ന പദ്ധതികൾ അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2) പദ്ധതികൾ നടപ്പിലാക്കാതെ വർഷങ്ങളായി നീക്കിയിരിപ്പുള്ള ഗ്രണഭോക്തൃ വിഹിതം ഗ്രണഭോക്താക്കൾക്ക് തിരികെ നൽകുകയോ അല്ലെങ്കിൽ തുടർവർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ച് ഗ്രണഭോക്തക്കൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 ഐ.കെ.എം വിഹിതം നൽകൽ - വിനിയോഗ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

പ്രൊജക്ട് നം., പേര്	1/25, ഐ.കെ.എം വിഹിതം നൽകൽ
അടങ്കൽ	53548 രൂപ (വികസന ഫണ്ട് - പൊതുവിഭാഗം)
ചെലവ്	ബിൽ നം. 103/28.10.2024 - 53548 രൂപ
നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

മേൽ പദ്ധതി പ്രകാരം പ്രവർത്തന ഫണ്ടിനത്തിലുള്ള 53548 രൂപ ഐ.കെ.എമ്മിന്റെ അക്കൗണ്ടിലേക്ക് (നം. 57047023512, എസ്.ബി.ഐ) മാറി നൽകിയിട്ടുണ്ട്. എന്നാൽ ഐ.കെ.എമ്മിൽ നിന്നും തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങളടങ്ങിയ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 08/11.07.2025) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

പ്രവർത്തന ഫണ്ടിനത്തിലുള്ള 53548 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഐ.കെ.എമ്മിൽ നിന്നും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 ഭരണ സമിതി യോഗ മിനുട്സ് തയ്യാറാക്കൽ - ചട്ട പ്രകാരമുള്ള സമയ പരിധി പാലിക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ(സാധാ.) 3630/2015/തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് കാണുന്നു. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. എന്നാൽ മിനിട്സ് തയ്യാറാക്കുന്നതിൽ മാസങ്ങളോളം കാലതാമസം ഉണ്ടാകുന്നുണ്ട്. സെക്രട്ടറി മിനിട്സ് തയ്യാറാക്കി അംഗീകാരത്തിനായി അയച്ച തീയതിയിൽ തന്നെ അദ്ധ്യക്ഷൻ മിനിറ്റ്സ് അംഗീകരിച്ചിട്ടുണ്ട്. കാലതാമസത്തിന് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

യോഗ വിവരം	യോഗം ചേർന്ന തീയതി	സെക്രട്ടറി മിനിറ്റ്സ് തയ്യാറാക്കി അംഗീകാരത്തിനായി അയച്ച തീയതി
ഭരണ സമിതി സാധാരണ യോഗം	12.06.2024	22.08.2024
ഭരണ സമിതി സാധാരണ യോഗം	29.06.2024	18.09.2024

ഭരണ സമിതി സാധാരണ യോഗം	18.07.2024	08.10.2024
ഭരണ സമിതി സാധാരണ യോഗം	07.08.2024	08.10.2024
ഭരണ സമിതി സാധാരണ യോഗം	30.08.2024	20.11.2024
ഭരണ സമിതി സാധാരണ യോഗം	11.12.2024	03.03.2025
ഭരണ സമിതി സാധാരണ യോഗം	07.01.2025	05.03.2025
ഭരണ സമിതി സാധാരണ യോഗം	03.02.2025	13.05.2025
ഭരണ സമിതി സാധാരണ യോഗം	24.02.2025	13.05.2025

ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഭരണ സമിതി യോഗ മിനിറ്റ്സുകൾ തയ്യാറാക്കി അംഗീകാരം വാങ്ങാത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/11.07.2025) ഭാവിയിൽ ഭരണ സമിതി യോഗ മിനിറ്റ്സുകൾ സമയബന്ധിതമായി സകർമ്മയിൽ ചേർക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ചട്ട പ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഭരണ സമിതി യോഗ മിനിറ്റ്സുകൾ തയ്യാറാക്കി അംഗീകാരം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-15 വായനശാലകൾക്ക് ഫർണ്ണീച്ചർ വാങ്ങി നൽകൽ - ആവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

പ്രൊജക്ട് നം., പേര്	46/25, വായനശാലകൾക്ക് ഫർണ്ണീച്ചർ വാങ്ങി നൽകൽ
അടങ്കൽ	300000 രൂപ (വികസന ഫണ്ട് - പൊതു വിഭാഗം)
ചെലവ്	ബിൽ നം. 369/24.03.2025 – 300000 രൂപ
ARTCO ലിമിറ്റഡിന്റെ ഇൻവോയ്സ് നം./ തീയതി	2024-25PKD 340/21.03.2025 – 300000 രൂപ
നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 6 ഗ്രാമപഞ്ചായത്തുകളിലെ ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള വായനശാലകളിൽ നിന്ന് അപേക്ഷ ക്ഷണിച്ച് അവർക്ക് കസേര, മേശ പോലുള്ള ആവശ്യ ഫർണ്ണീച്ചറുകൾ വാങ്ങി നൽകലാണ് പദ്ധതി ലക്ഷ്യം. ഇതിനായി ഫർണ്ണീച്ചറുകൾ ആർട്ട്കോ ലിമിറ്റഡ്, പാലക്കാട് ബ്രാഞ്ചിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	ഫർണ്ണീച്ചറിന്റെ വിവരം	എണ്ണം
1	Steel Book Shelf 4 MM Glass Door With Lock 66"X33"X12" – 20G CR Sheet (Rate - 9877)	12
2	150x90x75 With Tubular Frame And Rub Wood Top – 150CM (Rate - 32388)	6
3	Gl Chair (Rate - 1930)	54

പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള വായനശാലകളിൽ നിന്നുള്ള അപേക്ഷകൾ, ഭരണ സമിതി തീരുമാനങ്ങൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. 26.04.2019 ലെ ജി.ഒ(പി) നം.7/2019/എസ്.പി.ഡി പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM പോർട്ടലിൽ ലഭ്യമാണെങ്കിൽ ആയത് GeM മുഖേന സമാഹരിക്കേണ്ടതാണ് (ടി വ്യവസ്ഥ 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്) എന്നാൽ ഫർണ്ണീച്ചറുകതൾ GeM മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല.

3. സ.ഉ (സാധാ)നം.21/2023/SPD, തീയതി.24.02.2023 ഉത്തരവ് പ്രകാരം അനുബന്ധലിസ്റ്റിൽ ഉൾപ്പെട്ട ഫർണീച്ചറുകൾ ആർട്ട്കോയിൽ നിന്നും നേരിട്ട് വാങ്ങാവുന്നതാണെന്നും ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള ആർട്ട്കോ ഉപകരണങ്ങൾ അല്ലാത്തവയെല്ലാം സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള ക്വട്ടേഷൻ/ടെണ്ടർ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ വാങ്ങാവൂ എന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. മേൽപ്പറഞ്ഞ ഫർണ്ണീച്ചറുകൾ ഉത്തരവിൽ പരാമർശിച്ച പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്തവയാണ്.

4. വാങ്ങിയ ഫർണ്ണീച്ചറുകൾ സ്റ്റോക്കിലെടുത്തതിന്റെയും ആയത് വായനശാലകൾക്ക് നൽകിയതിന്റെ വിതരണ രേഖകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5. പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.04.2022 ലെ സ.ഉ(കൈ)നം. 84/2022/തസ്വഭവ) ഖണ്ഡിക 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/15.07.2025) അപാകങ്ങൾ പരിഹരിക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

വാങ്ങൽ നടപടിക്രമങ്ങളിൽ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള വായനശാലകളിൽ നിന്നുള്ള അപേക്ഷകൾ, ഭരണ സമിതി തീരുമാനങ്ങൾ, വാങ്ങിയ ഫർണ്ണീച്ചറുകൾ സ്റ്റോക്കിലെടുത്തതിന്റെയും ആയത് വായനശാലകൾക്ക് നൽകിയതിന്റെ വിതരണ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാകുന്നതുവരെ ഈ ഇനത്തിലുള്ള 300000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-16 തുടർ സാക്ഷരതാ പഠിതാക്കളുടെ പത്താംതരം ഹയർ സെക്കണ്ടറി തുല്യതാ പരീക്ഷ ഫീസ് അടക്കൽ - പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെ വിവരങ്ങൾ ലഭ്യമല്ല

പ്രൊജക്ട് നം., പേര്	27/25, തുടർ സാക്ഷരതാ പഠിതാക്കളുടെ പത്താംതരം

	ഹയർ സെക്കണ്ടറി തുല്യതാ പരീക്ഷ ഫീസ് അടക്കൽ
അടങ്കൽ	84450 രൂപ (വികസന ഫണ്ട് - ജനറൽ)
ചെലവ്	1. ബിൽ നം. 104/28.10.2024 - 78600 രൂപ 2. ബിൽ നം. 128/21.11.2024 - 5850 രൂപ ആകെ - 84450 രൂപ
നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

പദ്ധതി പ്രകാരം 2023-24 അധ്യായന വർഷത്തിലെ പത്താം തരം, ഹയർ സെക്കണ്ടറി തുല്യതാ പരീക്ഷകൾക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള പഠിതാക്കൾക്കായി രജിസ്ട്രേഷൻ ഫീസായി ആകെ 84450 രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷനിലേക്ക് അടവാക്കിയിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു (സെക്രട്ടറിയുടെ 13.03.2024 ലെ C452/2024 നം. ഉത്തരവ്).

	പഠിതാക്കളുടെ എണ്ണം	രജിസ്ട്രേഷൻ ഫീസ്	റിമാർക്സ്
പത്താം തരം തുല്യത	1) 6 ജനറൽ 2) 1 എസ്.സി ആകെ - 7 പഠിതാക്കൾ	1) 6x1950 = 11700 2) 1x100 = 100 ആകെ - 11800 രൂപ	രജിസ്ട്രേഷൻ ഫീസിനത്തിലുള്ള 11800 രൂപ സാക്ഷരതാ മിഷന്റെ അക്കൗണ്ടിലേക്ക് (നം. 57026996123, എസ്.ബി.ഐ) മാറി നൽകിയിട്ടുണ്ട്.
ഹയർ സെക്കണ്ടറി - ഓന്നാം വർഷം	1) 15 ജനറൽ 2) 6 എസ്.സി ആകെ - 21 പഠിതാക്കൾ	1) 15x2600 = 39000 2) 6x300 = 1800	രജിസ്ട്രേഷൻ ഫീസിനത്തിലുള്ള 40800 രൂപ സാക്ഷരതാ മിഷന്റെ

		ആകെ - 40800 രൂപ	അക്കൗണ്ടിലേക്ക് (നം. 02880100113107, UCO Bank) മാറി നൽകിയിട്ടുണ്ട്.
ഹയർ സെക്കണ്ടറി - രണ്ടാം വർഷം	1) 13 ജനറൽ 2) 0 എസ്.സി ആകെ - 13 പഠിതാക്കൾ	1) 13x2300 = 29900 2) 0x300 = 0 ആകെ - 29900 രൂപ	രജിസ്ട്രേഷൻ ഫീസിനത്തിലുള്ള 29900 രൂപ സാക്ഷരതാ മിഷന്റെ അക്കൗണ്ടിലേക്ക് (നം. 02880100113107, UCO Bank) മാറി നൽകിയിട്ടുണ്ട്.
സാക്ഷരതാ മിഷനിലേക്ക് ആകെ അടവാക്കേണ്ട തുക		82500 രൂപ	

പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സാക്ഷരതാ പ്രേരകിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള സെക്രട്ടറിയുടെ 13.03.2024 ലെ C452/2024 നം. ഉത്തരവ് പ്രകാരം തുടർ സാക്ഷരതാ പഠിതാക്കളുടെ പത്താംതരം ഹയർ സെക്കണ്ടറി തുല്യതാ പരീക്ഷ ഫീസായി ആകെ 82500 രൂപയാണ് സാക്ഷരതാ മിഷനിലേക്ക് അടവാക്കേണ്ടത്. എന്നാൽ ബില്ലുകൾ പ്രകാരം 84450 രൂപ അടവാക്കിയിരിക്കുന്നു. പരീക്ഷ ഫീസിനത്തിൽ 1950 രൂപ അധികം നൽകുവാനുള്ള കാരണം വ്യക്തമല്ല.

2) പത്താംതരം ഹയർ സെക്കണ്ടറി തുല്യതാ പരീക്ഷ രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുള്ള പഠിതാക്കളുടെ അപേക്ഷകൾ, പരീക്ഷ എഴുതിയതിന്റെ ഹാൾ ടിക്കറ്റുകൾ, പരീക്ഷ സർട്ടിഫിക്കറ്റുകൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/15.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. പരീക്ഷ ഫീസിനത്തിൽ അധികമായി നൽകിയ 1950 രൂപ സാക്ഷരതാ മിഷനിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് തിരികെ ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. പത്താംതരം ഹയർ സെക്കണ്ടറി തുല്യതാ പരീക്ഷ രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുള്ള പഠിതാക്കളുടെ അപേക്ഷകൾ, പരീക്ഷ എഴുതിയതിന്റെ ഹാൾ ടിക്കറ്റുകൾ, പരീക്ഷ

സർട്ടിഫിക്കറ്റുകൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാകുന്നതുവരെ ഈ ഇനത്തിലുള്ള 84450 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-17 സാക്ഷരതാ പ്രേരക് ഹോണറേറിയം - സാക്ഷരതാ മിഷൻ വിഹിതം തിരികെ ഈടാക്കേണ്ടതാണ്

12.04.2025 ലെ സ.ഉ.(സാധാ) നം. 743/2024/LSGD പ്രകാരം സാക്ഷരതാ പ്രേരക്മാരുടെ ഹോണറേറിയത്തിന്റെ 60% നിലവിൽ ജോലി ചെയ്യുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ തനത് വരുമാനത്തിൽ നിന്നും 40% സാക്ഷരതാ മിഷന്റെ തനത് വരുമാനത്തിൽ നിന്നും നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നോഡൽ പ്രേരകിന് 15000 രൂപയും അസിസ്റ്റന്റ് പ്രേരകിന് 12000 രൂപയും ഹോണറേറിയമായി നിശ്ചയിച്ചിട്ടുണ്ട്. ആയത് പ്രകാരം ബ്ലോക്ക് പഞ്ചായത്തിലെ സാക്ഷരതാ പ്രേരക്മാർക്ക് ഹോണറേറിയം അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സാക്ഷരതാ പ്രേരകിന്റെ പേര്	ചെക്ക് നം./തീയതി	തുക	റിമാർക്സ്
1	1. ദേവി എം കെ, നോഡൽ പ്രേരക് 2. ഇന്ദിര കെ എം, അസിസ്റ്റന്റ് പ്രേരക്	JH-6241545/03.09.2024	15000 + 12000 = 27000 രൂപ	ഓഗസ്റ്റ് മാസത്തെ ഹോണറേറിയം
2	,,	JH-9769574/06.08.2024	15000 + 12000 = 27000 രൂപ	ജൂലൈ മാസത്തെ ഹോണറേറിയം
3	,,	MA-1328634/09.07.2025	15000 + 12000 = 27000 രൂപ	ജൂൺ മാസത്തെ ഹോണറേറിയം

4	,,	MA-1378498/10.06.2025	15000 + 12000 = 27000 രൂപ	മെയ് മാസത്തെ ഹോണറേറിയം
5	,,	MA-1343565/10.05.2025	15000 + 12000 = 27000 രൂപ	ഏപ്രിൽ മാസത്തെ ഹോണറേറിയം
ആകെ അനുവദിച്ച ഹോണറേറിയം			135000 രൂപ	

സർക്കാർ ഉത്തരവ് പ്രകാരം സാക്ഷരതാ പ്രേരക്മാർക്ക് അനുവദിക്കുന്ന ഹോണറേറിയത്തിന്റെ 40% സാക്ഷരതാ മിഷനിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ടതാണ്. എന്നാൽ സാക്ഷരതാ മിഷനിൽ നിന്നും ഹോണറേറിയം ഇനത്തിൽ ലഭിക്കേണ്ട 54000 (40% Of 135000) രൂപ നാളിതുവരെ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 18/15.07.2025) സാക്ഷരതാ മിഷനിൽ നിന്നും തുക ഈടാക്കി അറിയിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

സാക്ഷരതാ പ്രേരക്മാർക്ക് ഹോണറേറിയം അനുവദിച്ച വകയിൽ സാക്ഷരതാ മിഷനിൽ നിന്നും ലഭിക്കുവാനുള്ള 54000 രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 ബ്ലോക്ക് മീറ്റിംഗ് ഹാളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

പ്രൊജക്ട് നം., പേര്	132/25, ബ്ലോക്ക് മീറ്റിംഗ് ഹാളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ
അടങ്കൽ	175000 രൂപ (വികസന ഫണ്ട് - പൊതു വിഭാഗം - 89591 രൂപ, തനത് ഫണ്ട് - 85409 രൂപ)
ചെലവ്	1) ബിൽ നം. 341/21.03.2025 – 89591 രൂപ

	2) ബിൽ നം. 573/27.03.2025 – 83126 രൂപ ആകെ - 172717 രൂപ
ARTCO ലിമിറ്റഡിന്റെ ഇൻവോയ്സ് നം./ തീയതി	2024-25PKD 341/21.03.2024 – 172717 രൂപ
നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

ബ്ലോക്ക് പഞ്ചായത്ത് മീറ്റിംഗ് ഹാളിലേക്കാവശ്യമായ ഫർണ്ണീച്ചർ വാങ്ങലാണ് പദ്ധതി ലക്ഷ്യം. ഇതിനായി ഫർണ്ണീച്ചറുകൾ ആർട്ട്കോ ലിമിറ്റഡ്, പാലക്കാട് ബ്രാഞ്ചിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	ഫർണ്ണീച്ചറിന്റെ വിവരം	എണ്ണം
1	Computer Chair Armed Special Type With Push Back Mechanism And Gas Lift And Cushioned Seat And Back With Nylon Castors (Rate - 6970)	21

പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഫർണ്ണീച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. 26.04.2019 ലെ ജി.ഒ(പി) നം.7/2019/എസ്.പി.ഡി പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM പോർട്ടലിൽ ലഭ്യമാണെങ്കിൽ ആയത് GeM മുഖേന സമാഹരിക്കേണ്ടതാണ് (ടി വ്യവസ്ഥ 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്) എന്നാൽ ഫർണ്ണീച്ചറുകതൾ GeM മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല.

3. സ.ഉ (സാധാ)നം.21/2023/SPD, തീയതി.24.02.2023 ഉത്തരവ് പ്രകാരം അനുബന്ധലിസ്റ്റിൽ ഉൾപ്പെട്ട ഫർണീച്ചറുകൾ ആർട്ട്കോയിൽ നിന്നും നേരിട്ട് വാങ്ങാവുന്നതാണെന്നും ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള ആർട്ട്കോ ഉപകരണങ്ങൾ അല്ലാത്തവയെല്ലാം സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള ക്വട്ടേഷൻ/ടെണ്ടർ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ വാങ്ങാവൂ എന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. മേൽപ്പറഞ്ഞ ഫർണ്ണീച്ചർ ഉത്തരവിൽ പരാമർശിച്ച പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്തവയാണ്.

4. പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.04.2022 ലെ സ.ഉ(കൈ)നം. 84/2022/തസ്വഭവ) ഖണ്ഡിക 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 17/15.07.2025) അപാകങ്ങൾ പരിഹരിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

വാങ്ങൽ നടപടിക്രമങ്ങളിൽ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ഫർണ്ണീച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-19 എ.ബി.സി. പദ്ധതി - അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്

ജില്ലാ പഞ്ചായത്തും മൃഗസംരക്ഷണ വകുപ്പും സംയുക്തമായി നടത്തി വരുന്ന തെരുവു നായ പ്രജനന നിയന്ത്രണ പദ്ധതി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ നടപ്പിലാക്കുന്നതിലേക്കായി സ്ഥലം കണ്ടെത്തുകയും മറ്റ് ഭൗതിക സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യേണ്ടത് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിൽ എ.ബി.സി. പദ്ധതി നടപ്പിലാക്കുന്നതിനുള്ള കെട്ടിടമുൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ എത്രയും വേഗം ലഭ്യമാക്കി അറിയിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് പാലക്കാട് ജില്ലാ മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ കത്ത് നൽകിയിട്ടുണ്ട് (18.06.2024ലെ ഇ/255/2015/സ്റ്റാറ്റ് നം. കത്ത്). ആയത് പ്രകാരം എ.ബി.സി. സെന്റർ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിൽ ഉണ്ടോ എന്ന് അന്വേഷിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളിലേക്ക് കത്തെഴുതുന്നതിന് ബ്ലോക്ക് ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട് (നം. 9(2)/26.06.2024). ആയതിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 19/16.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

തെരുവു നായ പ്രജനന നിയന്ത്രണ പദ്ധതി ഫലപ്രദമായി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ നടപ്പിലാക്കുന്നതിനുള്ള കെട്ടിടമുൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ എത്രയും വേഗം ലഭ്യമാക്കുവാനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് വാഹനം വാങ്ങൽ - പുതിയ വാഹനം ലഭ്യമാക്കേണ്ടതും പഴയ വാഹനം കണ്ടം ചെയ്യേണ്ടതുമാണ്

പ്രൊജക്ട് നം., പേര്	130/25, ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് വാഹനം വാങ്ങൽ (സ്പിൽ ഓവർ)

അടങ്കൽ	1600000 രൂപ (വികസന ഫണ്ട് - പൊതു വിഭാഗം - 1300000 രൂപ, തനത് ഫണ്ട് - 300000 രൂപ)
ചെലവ്	1) ബിൽ നം. 113/05.01.2025 – 4600 രൂപ 2) ബിൽ നം. 274/10.03.2025 – 1109680 രൂപ ആകെ - 1114280 രൂപ
GeM Sanction No./Date	511687711786518/27.02.2025
നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

പദ്ധതി പ്രകാരം 'Maruthi XL6 Smart Hybrid Alpha 1.5L 5MT' എന്ന വാഹനം GeM മുഖേന ഓർഡർ ചെയ്തിട്ടുണ്ട്. വാഹനം ലഭിക്കുന്നതിനായി 1109680 രൂപ മാരുതി സുസുക്കി ഇന്ത്യ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് (UTR No. RBI0712595262291) മാറി നൽകിയിട്ടുണ്ട്.

പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് വാഹനം വാങ്ങുന്നതിനായി ആദ്യം GeM (Sanction No./Date – 511687725140263/05.09.2024) മുഖേന 'KIA Utility Vehicle (Version 2) MUV Manual Two Wheel Drive' എന്ന വാഹനം ഓർഡർ ചെയ്തെങ്കിലും സാങ്കേതിക പ്രശ്നം കാരണം വാങ്ങുവാൻ സാധിച്ചില്ല. എന്നാൽ പ്രസ്തുത വാഹനത്തിന്റെ താൽക്കാലിക രജിസ്ട്രേഷനായി 4600 രൂപ KIA ഇന്ത്യ പ്രൈ. ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് (UTR No. RBI3132424328254) മാറി നൽകിയിട്ടുണ്ട്.

KIA യുടെ വാഹനം സാങ്കേതിക പ്രശ്നം മൂലം വാങ്ങാത്തതിനാൽ താൽക്കാലിക രജിസ്ട്രേഷനായി നൽകിയ 4600 രൂപ തിരികെ ഈടാക്കുവാനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

2. ബ്ലോക്ക് പഞ്ചായത്തിലെ പഴയ വാഹനമായ (രജിസ്ട്രേഷൻ നം. KL 51 – 1266) മഹീന്ദ്ര ബൊലേറോയുടെ കാലാവധി 15 വർഷം പൂർത്തിയായതിനാലാണ് പുതിയ വാഹനം വാങ്ങിയത്. എന്നാൽ പഴയ വാഹനം നാളിതുവരെ നടപടിക്രമങ്ങൾ പാലിച്ച് കണ്ടം ചെയ്തിട്ടില്ല.

3. പദ്ധതി പ്രകാരം വാങ്ങിയ പുതിയ വാഹനം കമ്പനി നാളിതുവരെ രജിസ്ട്രേഷൻ ചെയ്ത് ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം. 22/16.07.2025) പുതിയ വാഹനം രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് ഉടൻ ലഭ്യമാകുന്നതാണെന്നും പഴയ

വാഹനം നടപടിക്രമങ്ങൾ പാലിച്ച് കണ്ടം ചെയ്യുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. GeMൽ ക്യാൻസൽ ചെയ്ത വാഹനത്തിന്റെ താൽക്കാലിക രജിസ്ട്രേഷനായി KIA ഇന്ത്യ പ്രൈ. ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുള്ള 4600 രൂപ തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് തിരികെ ഒടുക്ക് വരുത്തേണ്ടതാണ്.

2. പഴയ വാഹനമായ (രജിസ്ട്രേഷൻ നം. KL 51 – 1266) മഹീന്ദ്ര ബോലേറോ നടപടിക്രമങ്ങൾ പാലിച്ച് കണ്ടം ചെയ്യേണ്ടതാണ്.

